പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 220

12.02.2019-ൽ മറുപടിയ്ക്ക്.

## നാട്ടാനകളുടെ വിവരങ്ങൾക്ക് മൊബൈൽ ആപ്പ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി.ഗീതാഗോപി<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ നാട്ടാനകളുടെ സമ്പൂർണ്ണ വിവരങ്ങൾ അടങ്ങിയ ഡി.എൻ.എ. പ്രൊഫൈലിംഗ് നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ 5 1 2 നാട്ടാനകളുടെ ഡി.എൻ.എ പ്രൊഫൈലിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ മദപ്പാടിലുള്ള 0 5 നാട്ടാനകളുടെ രക്തസാമ്പിളുകൾ ശേഖരിക്കുവാൻ കഴിയാത്തതിനാൽ ഡി.എൻ.എ പ്രൊഫൈലിംഗ് പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. ടി നാട്ടാനകളുടെ രക്തസാമ്പിളുകൾ ശേഖരിച്ച് ഡി.എൻ.എ പ്രൊഫാലിംഗ് പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ആനകളെക്കുറിച്ചുള്ള എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നതെന്നും അവ പ്രായോഗിക തലത്തിൽ ഏതൊക്കെ രീതിയിൽ ഉപയോഗപ്പെടുമെന്നും അറിയിക്കാമോ; | (ബി) ആനകളുടെ ശാരീരികമായ എല്ലാ അളവുകളും, നിലവിലെ കൈവശക്കാരന്റെയും പാപ്പാന്മാരുടേയും വിവരങ്ങളും, ആനയെ തിരിച്ചറിയാനുള്ള ഫോട്ടോകളും, ആനയിൽ ഘടിപ്പിച്ചിട്ടുള്ള മൈക്രോചിപ്പ് നമ്പരിന്റെ വിവരവും, ആനയ്ക്ക് ലഭ്യമാക്കിയിരിക്കുന്ന പാർപ്പിട സൗകര്യത്തിന്റെ വിവരവും, ചട്ടപ്രകാരം ആനയ്ക്ക് സൂക്ഷിക്കേണ്ട രേഖകളുടെ വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്.<br><br>ടി രേഖകൾ ശേഖരിക്കുന്നത് വഴി ആനകളെ കൃത്യമായി തിരിച്ചറിയുവാനും, ആനകളുടെ പരിപാലനം വിലയിരുത്തുവാനും, ഇതിന്റെ അടിസ്ഥാനത്തിൽ ആനകളുടെ പരിപാലനത്തിന് വേണ്ട തുടർ നടപടികൾ സമയാസമയങ്ങളിൽ ഉറപ്പുവരുത്തുവാനും കഴിയുന്നു. |
| (സി) സംസ്ഥാനത്തെ എല്ലാ ആനകളുടെയും ഉടമസ്ഥരുടെയും പാപ്പാന്മാരുടെയും പേര് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) സംസ്ഥാനത്തെ എല്ലാ നാട്ടാനകളുടെയും ഉടമസ്ഥരുടെയും പാപ്പാന്മാരുടെയും പേര് വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ശേഖരിച്ച് സൂക്ഷിച്ചിട്ടുണ്ട്. |
| (ഡി) ശേഖരിച്ച വിവരങ്ങൾ ഉപയോഗ പ്രദമാക്കുന്നതിന് മൊബൈൽ ആപ്പ് വികസിപ്പിക്കുമോ; വ്യക്തമാക്കുമോ? | (ഡി) മൊബൈൽ ആപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ